<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

21-12-2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 294

# തരിശു പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.മാത്യു.റ്റി.തോമസ്
ശ്രീ.ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തരിശിട്ടിരിക്കുന്ന പാടശേഖരത്തിൽ കൃഷി ആരംഭിക്കാൻ എന്തെല്ലാം പദ്ധതി യാണുള്ളത്; | (എ) തരിശിട്ടിരിക്കുന്ന പാടശേഖരത്തിൽ വിവിധ വിളകളായ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങു വിളകൾ എന്നിവയുടെ കൃഷി ആരംഭിക്കുന്ന തിന് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കരാർ കൃഷിയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. 3200 ഹെക്ടർ തരിശു ഭൂമിയിൽ വിവിധ വിളകൾ കൃഷിയിറക്കുന്നതിനായി 1080 ലക്ഷം രൂപ 2012-13 വർഷം നീക്കി വച്ചിട്ടുണ്ട്. കോൺട്രാക്ട് ഫാമിംഗ് രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ "കുട്ടനാട് പാക്കേജ് - 13-ാം ധനകാര്യ കമ്മീഷൻ-അവാർഡ്" പദ്ധതി പ്രകാരം ഹെക്ടറിന് 30,000/- രൂപ ധനസഹായം നൽകി 250 ഹെക്ടർ സ്ഥലത്ത് തരിശുനിലം കൃഷിയോഗ്യ മാക്കുന്നതിനായി 75 ലക്ഷം രൂപയുടെ പദ്ധതി ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെങ്കിലും പ്രദേശത്തെ തരിശുരഹിതമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാനത്തെ ഒരു തരിശുരഹിത നെൽവയൽ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിലെ കടപ്ര, ആലപ്പുഴ ജില്ലയിലെ പാലമേൽ, മണ്ണഞ്ചേരി, മലപ്പുറം ജില്ലയിലെ ആതവനാട്, എടരിക്കോട് എന്നീ അഞ്ചു പഞ്ചായത്തുകളെ തരിശുരഹിത നെൽ വയൽ പഞ്ചായത്തുകളാക്കിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ തരിശുരഹിത കേരളം എന്ന പ്രഖ്യാപിത നയവുമായി മുൻപോട്ട് പോകാൻ ഉദ്ദേശിക്കു ന്നുണ്ടോ; | (സി) | ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ഡി) | തരിശായി കിടക്കുന്ന നിലങ്ങൾ ഘട്ടം ഘട്ടമായി കൃഷിയോഗ്യമാക്കുന്നതിനായി ആർ.കെ..വി.വൈ, കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം 2012-13 വർഷം 250 ഹെക്ടർ തരിശുഭൂമി നെൽകൃഷി ചെയ്യുന്നതിനും ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2012-13 വർഷം 3200 ഹെക്ടർ തരിശു ഭൂമി നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.<br>തരിശുരഹിത പഞ്ചായത്തുകൾ പൂർണമായും തരിശുരഹിതമാക്കി സമ്പൂർണ കൃഷിയോഗ്യമാക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക പ്രോത്സാഹന വാഗ്ദാനം എന്ന നിലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം സമ്മാനം നൽകാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കേരളത്തിൽ കൃഷി ചെയ്യാതെ തരിശി ട്ടിരിക്കുന്ന പാട ശേഖരത്തിന്റെ വിസ്തൃതി എത്ര യെന്ന് വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (ഇ) | ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2010-11 വർഷത്തെ സ്ഥിതി വിവര കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 1,27,971 ഹെക്ടർ തരിശു നിലങ്ങളുണ്ട്. ഇതിൽ 51,943 ഹെക്ടർ സ്ഥായിയായി തരിശു കിടക്കുന്നവയാണ്. നടപ്പു വർഷം 76028 ഹെക്ടർ തരിശുഭൂമിയായി കാണപ്പെടുന്നുണ്ട്. |

Snehams
സെക്ഷൻ ഓഫീസർ